പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1201

21.3.2013 ൽ മറുപടിയ്ക്ക്

## തിരുവില്വാമല മോഡൽ റസിഡൻഷ്യൽ സ്കൂളിന് കെട്ടിടം

**ചോദ്യം**

ശ്രീ.കെ.രാധാകൃഷ്ണൻ

എ) പട്ടികജാതി വികസനവകുപ്പിനു കീഴിലുള്ള ചേലക്കര മണ്ഡലത്തിലെ തിരുവില്വാമല മോഡൽ റസിഡൻഷ്യൽ സ്കൂൾ വാടകക്കെട്ടിടത്തിലാണ് വർഷങ്ങളായി പ്രവർത്തിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ബി) ഈ സ്കൂളിന് സ്ഥിരം കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് തിരുവില്വാമല ഗ്രാമപഞ്ചായത്തിന്റെ കൈവശമുള്ള റവന്യൂ ഭൂമി പട്ടികജാതിവികസനവകുപ്പിനു കൈമാറാൻ ഉത്തരവായിട്ടുള്ളതും എന്നാൽ ഇതേവരെ പ്രസ്തുത ഭൂമി കൈമാറിയിട്ടില്ലെന്നും അറിയുമോ;

സി) സ്കൂൾ കെട്ടിടനിർമ്മാണത്തിന് ഭൂമി കൈമാറുവാൻ തടസ്സം എന്താണെന്ന് പറയാമോ;

ഡി) ഈ ഭൂമി കൈമാറ്റത്തെ സംബന്ധിച്ചുള്ള ഫയൽ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

ഇ) എം.ആർ.എസിനുവേണ്ടി കെട്ടിടങ്ങൾ നിർമ്മിക്കുവാനുൾപ്പെടെയുള്ള ഫണ്ട് അനുവദിച്ച് വർഷങ്ങളാകുകയും സ്ഥിരം കെട്ടിടങ്ങളുടെ അഭാവത്തിൽ ബുദ്ധിമുട്ടുകൾ അനുഭവിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ എത്രയും വേഗം പ്രസ്തുത ഭൂമി പട്ടികജാതി വികസനവകുപ്പിന് കൈമാറ്റം ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ?

**ഉത്തരം**

ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പുമന്ത്രി)

എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ബി) ഭൂമി കൈമാറാൻ ഉത്തരവായിട്ടില്ല.

സി)യും ഡി)യും ഇ)യും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രസ്തുത ഭൂമിയുടെ ഉടമസ്ഥാവകാശം പഞ്ചായത്തിൽ നിലനിർത്തിക്കൊണ്ടാണ് ഭൂമി കൈമാറ്റത്തിന് അനുമതി നൽകിയിരുന്നത്. എന്നാൽ പട്ടികജാതി വികസന വകുപ്പ് പ്രസ്തുത ഭൂമിയുടെ ഉടമസ്ഥാവകാശം ആ വകുപ്പിന് കൈമാറി നൽകിയാൽ മാത്രമേ നിർമ്മാണപ്രവർത്തനം തുടങ്ങാൻ കഴിയുകയുള്ളൂവെന്ന് അഭിപ്രായപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഭൂമി കൈമാറാൻ തടസ്സം നേരിട്ടതും ഇത് സംബന്ധിച്ച ഫയൽ നടപടി അവസാനിപ്പിക്കേണ്ടിവന്നതും. ഈ ഭൂമി കൈമാറ്റം സംബന്ധിച്ച് വീണ്ടും ശ്രീ.കെ.രാധാകൃഷ്ണൻ എം.എൽ.എ സമർപ്പിച്ച നിവേദനത്തിൻമേൽ വിശദമായ പ്രൊപ്പോസൽ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിരുന്നു എങ്കിലും പ്രസ്തുത റിപ്പോർട്ട് നാളിതുവരെ ലഭ്യമായിട്ടില്ലാത്തതാണ്. ഇത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് ഭൂമി കൈമാറ്റത്തിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ